# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

നഗരവികസന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

502 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നഗരവികസന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രാദേശിക സാഹചര്യങ്ങൾ തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ ; അവ എന്തെല്ലാം ;

(സി) തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പുതിയ വ്യവസായ വികസന പദ്ധതികൾ

503 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിന്റെ ഭാഗമായി കേരളസംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും കിൻഫ്രയും ചേർന്ന് എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതുമൂലം എത്ര രൂപയുടെ നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) എത്ര തൊഴിൽ സാധ്യതകൾ ഇതുമൂലം വന്നുചേരും; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വികസന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നൽകാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ</u>

504 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് ഭൂവുടമകൾക്ക് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) അരൂർ മണ്ഡലത്തിലെ തുറവൂരിൽ കിൻഫ്രാ മുഖേന വ്യവസായ പാർക്കിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഒഴിപ്പിക്കേണ്ടി വരുന്ന ഭൂവുടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്; സൗജന്യമായി നൽകുന്ന ഭൂമിയിൽ 10 സെന്റ് വീതം പള്ളിപ്പുറം ഗ്രോത്ത് സെന്ററിന് ഭൂമി ഏറ്റെടുത്തപ്പോൾ നൽകിയതു പോലെ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; ഇവർക്കാവശ്യമായ റോഡ്, വെള്ളം, വെളിച്ചം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്‍മാരുടെ തെരഞ്ഞെടുപ്പ് നടപടിക്രമം

505 ഡോ. കെ. ടി. ജലീല്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. സി. കൃഷ്ണന്‍
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ വകുപ്പിന്‍ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളില്‍, ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്‍മാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ വിശദമാക്കുമോ;

(ബി) ഇതിനായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോര്‍ഡിനെ (റിയാബ്) ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) റിയാബ് കേന്ദ്രീകൃതമായിട്ടല്ലാതെ, ഇപ്പോള്‍ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തില്‍ നിയമനം നടന്നിട്ടുണ്ടോ; ഉണ്ടെങ്കില്‍ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കെൽട്രോൺ പുനരുദ്ധാരണം</u>

506 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ പുനരുദ്ധാരണത്തിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം സഹായങ്ങളാണ് പുനരുദ്ധാരണത്തിന് നൽകുന്നത് ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഹാൻഡക്സിന്റെ പ്രവർത്തനം സംബന്ധിച്ച്

507 ശ്രീ.എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഹാൻടെക്സ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ആധുനിക കാലഘട്ടത്തിൽ ഹാൻടെക്സ് ഉല്പന്നങ്ങൾക്ക് വിപണന മൂല്യമുള്ളതായി ഗവൺമെന്റ് കരുതുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഉദുമ ടെക്സ്റ്റയിൽ മിൽസ്</u>

508 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദുമ ടെക്സ്‌റ്റൈൽ മില്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) മേൽ സ്ഥാപനത്തിലേയ്ക്ക് ജീവനക്കാരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിലേക്കായി ഏതെങ്കിലും സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) മേൽ സർക്കാർ ഏജൻസി ഏതൊക്കെ തസ്തികളിലേക്ക് മത്സര പരീക്ഷ നടത്തിയിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ തസ്തികകളിലേക്കുള്ള എത്ര പേരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ഡി) ഈ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും ഇതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ഇ) മേൽ സ്ഥാപനത്തിൽ ജീവനക്കാരെ നിയമിച്ച് മില്ലിന്റെ പ്രവർത്തനം എന്ന് തുടങ്ങും എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മാവൂർ ഗ്വാളിയോർ റയൺസിന്റെ സ്ഥലത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ നടപടി</u>

509 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയൺസിന്റെ സ്ഥലത്ത് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഗ്വാളിയർ റയൺസ് മാനേജ്മെന്റുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ മാനേജ്മെന്റിന്റെ ഇക്കാര്യത്തിലുള്ള നിലപാട് എന്താണ് ;

(ഡി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ ;

(ഇ) ഈ കേസ് ഒത്തുതീർത്ത് വ്യവസായം തുടങ്ങുന്നതിന് മാനേജ്മെന്റിന് അനുമതി നൽകുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

ചൈനാക്ലേ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ യൂണി റ്റുകളുടെ പുനരുദ്ധാരണം

510 ശ്രീ. ഇ.പി. ജയരാജൻ
,, പുരുഷൻ കടലുണ്ടി
,, കെ.വി. അബ്ദുൾ ഖാദർ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൈനാക്ലേ ഉപയോഗിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഈ രംഗത്തെ പൊതുമേഖലാ സംരംഭങ്ങൾ ഏതൊക്കെയാണ്; പ്രമുഖ സ്വകാര്യമേഖലാ സംരംഭങ്ങൾ ഏതൊക്കെയാണ്;

(ബി) പാപ്പിനിശ്ശേരിയിലെ ക്ലെയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് കമ്പനിയുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനും വേണ്ടി മുൻ സർക്കാർ അംഗീകരിച്ച പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; സർക്കാർ ഗ്രാന്റ് എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണം</u>

511 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലീകരണ-നവീകരണ പദ്ധതികൾ നടപ്പാക്കാൻ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പൂട്ടിക്കിടക്കുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി, വ്യവസായ വികസനത്തിന് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ എത്ര ഏക്കർ ഭൂമിയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മാന്നാര്‍ അലിന്‍ഡ് സിച്ച് ഗിയര്‍ ഫാക്ടറി തൊഴിലാളികളുടെ ആനുകൂല്യം</u>

512 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ ഓണത്തിന് പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകളിലെ തൊഴിലാളികള്‍ക്ക് നല്‍കിയ സാമ്പത്തിക ആനുകൂല്യങ്ങള്‍ മാന്നാര്‍ അലിന്‍ഡില്‍ ജോലിയെടുത്തിരുന്നവര്‍ക്ക്കൂടി നല്‍കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ; ഇല്ലെങ്കില്‍ കാരണം വിശദമാക്കുമോ;

(ബി) ഈ കമ്പനിയില്‍ നിന്നും ഗ്രാറ്റുവിറ്റി തുക ലഭിക്കുവാനുള്ള ജീവനക്കാര്‍ എത്ര എന്ന് വിശദമാക്കുമോ;

(സി) ഈ കമ്പനിയില്‍ നിന്നും വിരമിച്ച എത്രപേര്‍ക്ക് പെന്‍ഷന്‍ ആനുകൂല്യങ്ങളും ഗ്രാറ്റുവിറ്റിയും ലഭിക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ആയവ ലഭിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനിയുടെ പുനരുദ്ധാരണം</u>

513 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, റ്റി.വി. രാജേഷ്
പ്രൊഫ: സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനിയുടെ നിലവിലുള്ള യൂണിറ്റുകൾ പുനരുദ്ധരിക്കാനും, ആധുനികവൽക്കരിക്കാനുമുള്ള മുൻസർക്കാരിന്റെ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) 'റിയാബ്' ഇതിനായി തയ്യാറാക്കിയ പദ്ധതികൾ എന്തൊക്കെയായിരുന്നു ; ഈ പദ്ധതി നടപ്പിലാക്കാൻ എന്തു തുക ചിലവ് പ്രതീക്ഷിക്കുന്നു ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതു വഴി ലഭ്യമാകുന്ന കാര്യങ്ങൾ എന്തെല്ലാമണ് ;

(ഡി) ഈ പദ്ധതിക്ക് ഇപ്പോൾ സർക്കാർ എന്തു തുക നൽകുയുണ്ടായി ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>രാജീവ് ആവാസ് യോജന</u>

514 ശ്രീ. എം.വി ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേരിനിർമ്മാർജ്ജനത്തിന് സംസ്ഥാനത്ത് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) രാജീവ് ആവാസ് യോജന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കേന്ദ്രം നിഷ്കർഷിക്കുന്ന ചേരി എന്ന നിർവ്വചനത്തിൽ സംസ്ഥാനത്തെ ചേരികൾ ഉൾപ്പെടുമോയെന്നു വിശദമാക്കാമോ; ഇല്ലെങ്കിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>അങ്കമാലി വ്യവസായമേഖലയിലെ തീപിടുത്തം</u>

515 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി വ്യവസായമേഖലയിലെ വൻതീപിടുത്തം കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ എന്തെല്ലാം സുരക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇവിടെ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇതിൽ ആവശ്യമായ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>റാന്നിയിൽ ആരംഭിക്കുന്ന കിൻഫ്ര അപ്പാരൽ പാർക്ക്</u>

516 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കിൻഫ്രയുടെ അപ്പാരൽ പാർക്കിനായി എത്ര ഏക്കർ ഭൂമിയാണ് ഇപ്പോൾ റവന്യൂ വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ളത്;

(ബി) ഇവിടെ അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായുള്ള കെട്ടിടങ്ങളുടെ ഡിസൈനും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്;

(ഡി) വ്യവസായ രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ലയിൽ നൂറുകണക്കിനാളുകൾക്ക് ജോലി ലഭിക്കാൻ ഉതകുന്ന ഈ ബൃഹത് പദ്ധതിയുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനം</u>

517 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ വ്യവാസയ പാർക്കിന്റെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയ ഈ പാർക്കിൽ ഇപ്പോൾ എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) ഈ വ്യവസായ പാർക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കി അവരുടെ വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിലെ പഴം - പച്ചക്കറി
സംഭരണ സംസ്കരണ വിപണന കേന്ദ്രം

518 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേലക്കര മണ്ഡലത്തിൽ പഴം-പച്ചക്കറി സംഭരണ സംസ്കരണ വിപണന കേന്ദ്രം (പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്) പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ കൂടി പങ്കാളിത്തത്തോടെയും ധന സഹായത്തോടെയും നടപ്പിലാക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ (നാഷണൽ ഹോർട്ടികൾച്ചർ മിഷൻ) തത്വത്തിൽ അംഗീകരിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിൽ കാലതാമസം വന്നത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) തൃശൂർ ജില്ലയിലെ പഴം - പച്ചക്കറി കർഷകർക്ക് വലിയ പ്രയോജനം ചെയ്യുന്ന ഈ പദ്ധതി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെയും കേരളാ ഹോർട്ടികൾച്ചറൽ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ സമയബന്ധിതമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

മൈക്രോ, ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനം

519 ശ്രീ. ജോസഫ് വാഴക്കൻ
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈക്രോ, ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഇവർക്ക് വൈദ്യുതനിരക്ക് വർദ്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവരുടെ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡായി വിപണിയിലെത്തിക്കുമോ;

(ഡി) വനിതാ സംരംഭകർക്ക് മുൻഗണന നൽകുമോ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് കമ്പനിയിലെ മലിനീകരണ പ്രശ്നങ്ങൾ

520 ശ്രീ. പി.കെ. ഗുരുദാസൻ
ഡോ.ടി. എം. തോമസ് ഐസക്
ശ്രീ. ബി. സത്യൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് കമ്പനിയിൽ മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൈവിധ്യവൽക്കരണത്തിനുമായുള്ള പദ്ധതി പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിനായി 2005 ലെ സർക്കാർ അനുമതി നൽകിയ പദ്ധതി എന്തായിരുന്നു; ഏത് കമ്പനിക്കായിരുന്ന് ടെണ്ടർ നൽകിയിരുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ കരാറുമായി ബന്ധപ്പെട്ടുണ്ടായ ആക്ഷേപങ്ങൾ എന്തൊക്കെയായിരുന്നു; ആക്ഷേപങ്ങൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) അനുമതി നൽകിയ മന്ത്രിസഭയിലെ ആരോഗ്യവകുപ്പ് മന്ത്രി പിന്നീട് ഉന്നയിച്ച ആരോപണങ്ങൾ എന്തൊക്കെയായിരുന്നു; ഇക്കാര്യം അന്വേഷണ ഏജൻസിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കേരള ആട്ടോമൊബൈൽസിന്റെ വിഹിതം കുറയാനിടയായ സാഹചര്യം

521 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. സെൽവരാജ്
,, വി. ശിവൻകുട്ടി
ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രീവീലർ മാർക്കറ്റിൽ കേരള ആട്ടോമൊബൈൽസിന്റെ വിഹിതം കുറയാനിടയായ സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇപ്പോഴത്തെ സാഹചര്യങ്ങളെ അതിജീവിക്കാൻ ഉയർന്ന നിലവാരമുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പുതിയ മോഡൽ ഉല്പാദിപ്പിക്കാനുള്ള മുൻസർക്കാരിന്റെ ശ്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) പുതിയ പ്രോജക്ടുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; ഇതിനായി എന്തു തുക ഇപ്പോൾ നൽകുകയുണ്ടായെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

കേരള ഓട്ടോ മൊബൈൽ ലിമിറ്റഡിന്റെ വികസനം സംബന്ധിച്ച്

522 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ ഏക പൊതുമേഖലാ സ്ഥാപനമായ കെ.എ.എൽ. (കേരള ഓട്ടോ മൊബൈൽ ലിമിറ്റഡ്) ന്റെ ഇന്നത്തെ സ്ഥിതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക നില ഉൾപ്പെടെയുള്ള വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ നൂറുദിന കർമ്മ പദ്ധതിയിൽ കേരള ഓട്ടോ മൊബൈൽ ലിമിറ്റഡിന് ഏതെങ്കിലും പുതിയ പദ്ധതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കേരള ഓട്ടോ മൊബൈൽ ലിമിറ്റഡ് പുനരുദ്ധരിക്കുന്നതിനും , പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടി ഏതെങ്കിലും കേന്ദ്ര പദ്ധതികളുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>വ്യവസായ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ</u>

523 ശ്രീ. എം. ഉമ്മർ
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചത് എന്നാണ്; കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിന് എന്നാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) നേരത്തെ ആരംഭിച്ച കമ്പ്യൂട്ടർവൽക്കരണം ഇടയ്ക്ക് മന്ദഗതിയിലാവാൻ കാരണമെന്ത്?

(സി) വ്യവസായ ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള പ്രധാന സ്ഥാപനങ്ങളിൽ പോലും നാളിതുവരെയും കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കാത്തതിനാൽ ഇത് സത്വരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

<u>താലൂക്ക് വ്യവസായ ഓഫീസുകള്‍ സ്ഥാപിക്കുന്നത് സംബന്ധിച്ച്</u>

524 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) താലൂക്ക് വ്യവസായ ഓഫീസുകള്‍ നിലവിലില്ലാത്ത എത്ര താലൂക്കുകള്‍ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാം;

(ബി) മലപ്പുറം ജില്ലയിലെ നിലമ്പൂര്‍, തിരൂരങ്ങാടി എന്നീ താലൂക്കുകളില്‍ വ്യവസായ ഓഫീസുകള്‍ ഇല്ലാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ അവ ആരംഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കേരളത്തിലെ എസ്.എസ്.ഐ യൂണിറ്റുകളിൽ നിന്നും ബി.ഇ.എം.എൽ - ഓർഡറുകൾ</u>

525 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കഞ്ചിക്കോട്ട് പ്രവർത്തിക്കുന്ന ബി.ഇ.എം.എൽ-ലേയ്ക്ക് 5 ഘട്ടങ്ങളിലായി 500 ലേറെപ്പെരെ നിയമിച്ചപ്പോൾ കേരളത്തിൽനിന്ന് 40 പേരെ മാത്രമാണ് നിയമിച്ചിട്ടുള്ളതെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ (കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെ) കേരളത്തിലുള്ള എസ്.എസ്.ഐ യൂണിറ്റുകളിൽ നിന്ന് ഓർഡറുകൾ സ്വീകരിക്കുമ്പോൾ ബി.ഇ.എം.എൽ മാത്രം അന്യസംസ്ഥാനങ്ങളിൽ നിന്നും ഓർഡറുകൾ സ്വീകരിച്ചുവരുന്നത് എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കേരളത്തിലെ എസ്.എസ്.ഐ യൂണിറ്റുകളിൽ നിന്നും ബി.ഇ.എം.എൽ-ന് ആവശ്യമായ ഓർഡറുകൾ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളുന്നതിന് കേരളസർക്കാർ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റ് സംബന്ധിച്ച്</u>

526 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൻതോതിൽ റബ്ബർ ഉല്പാദിപ്പിക്കുന്നുവെങ്കിലും റബ്ബറധിഷ്ഠിത വ്യവസായങ്ങൾ വളരെ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തികവും സാങ്കേതികവുമായ പ്രത്യേക സഹായങ്ങളോടെ റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റുകൾ കർഷകരുടെ കൂട്ടായ്മയിൽ ആരംഭിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്കു രൂപം നൽകുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ പദ്ധതി

527 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഏക പൊതു മേഖലാ വ്യവസായമായിരുന്ന ആസ്ട്രാൾ വാച്ചസ് കമ്പനി വർഷങ്ങളായി പൂട്ടികിടക്കുന്നതിനാൽ ഈ സ്ഥലവും കെട്ടിടവും ഉപയോഗിച്ച് പുതിയ വ്യവസായങ്ങൾ ആരംഭിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ

528 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പുതിയ നയങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചെറുകിട വ്യവസായ സംരംഭങ്ങൾക്കാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

വനിതാ വ്യവസായ സംരംഭകര്‍ക്ക് പുതിയ വ്യവസായ യൂണി റ്റുകള്‍ തുടങ്ങുവാന്‍ സഹായം

529 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനിതാ വ്യവസായ സംരംഭകര്‍ക്ക് പുതിയ വ്യവസായ യൂണിറ്റുകള്‍ തുടങ്ങുന്നതിന് സര്‍ക്കാരില്‍ നിന്ന് നിലവില്‍ നല്‍കുന്ന സഹായങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഉല്‍പ്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നല്‍കുന്നത് ;

(സി) കഴിഞ്ഞ വര്‍ഷം വനിതാ സംരംഭകര്‍ എത്ര വ്യവസായ യൂണിറ്റുകള്‍ ആരംഭിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ദിവസ വേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി</u>

530 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാംബു കോർപ്പറേഷൻ മുഖേന വളയം ഗ്രാമപഞ്ചായത്തിലെ പൂങ്കുളത്ത് ആരംഭിച്ച മുള സംസ്ക്കരണ യൂണിറ്റ് വിപുലപ്പെടുത്താനുള്ള നടപടി പരിഗണനയിലുണ്ടോ;

(ബി) ഇവിടെ ജോലി ചെയ്യുന്ന ദിവസവേതനക്കാരുടെ കൂലി എത്രയാണെന്ന് വിശദമാക്കാമോ;

(സി) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടി സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഐ.സി.എസ്.ആർ ലെ ദിവസവേതന ജീവനക്കാരുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച്

531 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഐ. സി.എസ്.ആർ കേന്ദ്രത്തിലെ ദിവസ വേതന ജീവനക്കാർക്ക് ഇപ്പോഴും പഴയ നിരക്കിലുള്ള ദിവസ വേതനമാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മെറ്റല്ലാ വകുപ്പുകളിലും നടപ്പാക്കിയപോലെ ഇവിടെയും പുതുക്കിയ ദിവസവേതനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ഉത്തരവു മുതൽക്കുള്ള കുടിശ്ശിക അടക്കം അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ഗ്രോത്ത്പോൾ പദ്ധതി സംബന്ധിച്ച്</u>

532 ശ്രീ. കെ.എം. ഷാജി
,, മഞ്ഞളാംകുഴി അലി
,, പി.ബി. അബ്ദുൾ റസാക്
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി, കയർ, കരകൗശല മേഖലകളുൾപ്പെടെയുള്ള വ്യവസായ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച 'ഗ്രോത്ത്പോൾ' പദ്ധതി സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിന് ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ആ ഏജൻസി ഇതു സംബന്ധിച്ച് ഇതേവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഈ പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത് ; പദ്ധതി ചെലവ് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി എത്രയുംവേഗം നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

ചാത്തന്നൂരിലെ കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തന പുരോഗതി

533

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സ്ഥിതി ചെയ്യുന്ന കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയും പ്രവർത്തന പുരോഗതിയും എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം മില്ലിന്റെ പ്രവർത്തന പുരോഗതിക്കുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കൈത്തറി സഹകരണ സംഘങ്ങളിലെ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മിനിമം വേതനം</u>

534 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൈത്തറി സഹകരണ സംഘങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മിനിമം കൂലി (150/- രൂപ) നാളിതുവരെ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കരകൗശല വസ്തുക്കളുടെ ഉല്പാദനവും വിപണനവും</u>

535 ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരകൗശലവസ്തുക്കളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(ബി) ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സംരംഭങ്ങൾ ഏതൊക്കെയാണ്; അവ ഓരോന്നിനും ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾക്കായി എന്തു തുക വീതം വകയിരുത്തപ്പെട്ടിട്ടുണ്ട്;

(സി) കരകൗശല വസ്തുക്കളുടെ ഉല്പാദന വിപണന മേഖലയിൽ എത്രപേർ തൊഴിലെടുക്കുന്നുവെന്ന് വ്യക്താമാക്കാമോ;

(ഡി) കരകൗശല വികസന കോർപ്പറേഷൻ വക ക്രാഫ്റ്റ് സെന്റർ വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വഴിയോര വൃക്ഷങ്ങളുടെ സംരക്ഷണം</u>

536 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വഴിയോരങ്ങളിലെ വൃക്ഷങ്ങൾ പരസ്യ പ്രദർശനത്തിന്റെ ഭാഗമായി നശിക്കുന്നതിന് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വഴിയോര വൃക്ഷങ്ങളുടെ സംരക്ഷണം അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകുമോ?

(സി) ഇതു സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം വന്നിട്ടുണ്ടോ: എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള നിക്ഷേപക സംഗമം</u>

537 ശ്രീ. എ.കെ. ബാലൻ
,, എസ്. ശർമ്മ
,, എളമരം കരീം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള നിക്ഷേപക സംഗമം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിലേയ്ക്കായി നിക്ഷേപകസാദ്ധ്യതയുളള പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) ഇതിനകം ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; സംഗമത്തിന്റെ നടത്തിപ്പിനായി എന്തു തുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു;

(സി) ഏതെങ്കിലും മേഖലയിൽ ഏതെങ്കിലും വിദേശരാജ്യങ്ങളിൽ നിന്നുളള നിക്ഷേപം വേണ്ടെന്ന് വച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളുടേത്;

(ഡി) പദ്ധതിയുടെ ഭാഗമായി ഇതിനകം എത്ര ധാരണാപത്രങ്ങളിൽ ഒപ്പുവയ്ക്കുകയുണ്ടായി;

(ഇ) സംഗമത്തിൽ പങ്കെടുക്കുന്ന നിക്ഷേപകർക്ക് പദ്ധതികൾ അനുവദിക്കുന്നതിനുളള മാനദണ്ഡങ്ങൾ എന്തായിരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി കരാർ</u>

538 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2011 ഫെബ്രുവരി മാസം ദുബായ് ടികോം പ്രതിനിധികളുമായി ധാരണയായ സ്മാർട്ട് സിറ്റി കരാർ അതേ നിലയിൽ സർക്കാർ നടപ്പിലാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള പദ്ധതി സംബന്ധിച്ച്</u>

539 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എമർജിംഗ് കേരള' പദ്ധതി വിശദീകരിക്കാമോ ;

(ബി) ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്ന സാധ്യതകളും അവസരങ്ങളും വെളിപ്പെടുത്തുമോ ;

(സി) കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഐ. ടി., ഐ. ടി. ഇ. എസ്. മേഖലയിൽ നിന്നുള്ള കയറ്റുമതി

540 ശ്രീ. ജി. സുധാകരൻ
,, എ. പ്രദീപ് കുമാർ
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഐ. ടി., ഐ. ടി. ഇ. എസ്. മേഖലയിൽ നിന്നുള്ള കയറ്റുമതിയിലെ പുരോഗതിയെ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് രാജ്യത്തേക്കാണ് ഏറ്റവും കൂടുതൽ കയറ്റുമതി നടന്നിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം രാജ്യങ്ങളിലെ ഇനിയുമുള്ള സാദ്ധ്യതകൾ മനസ്സിലാക്കി ഇവിടേയ്ക്ക് ആകർഷിക്കാൻ സർക്കാർ എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്;

(ഡി) ഇത്തരം രാജ്യങ്ങളിലെ ഏതെല്ലാം കമ്പനികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്; ഇതു പോലെയുള്ള കൂടുതൽ കമ്പനികളെ കൊണ്ടുവരുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട നടപടികൾ മുന്നോട്ടു കൊണ്ടുപോകുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പുറക്കാട് ഐറ്റി പാർക്ക്</u>

541 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഐറ്റി പാർക്ക് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 21 ലെ 247,252,253,259,260 എന്നീ സർവ്വേ നമ്പരിൽപ്പെട്ട 50.4295 ഏക്കറിൽ മാറ്റി സ്ഥാപിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(ബി) ഐറ്റി പാർക്ക് തുടങ്ങുന്നതിന് ഇനിയും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മുൻ മുഖ്യമന്ത്രി ഉത്ഘാടനം ചെയ്ത സ്ഥലത്തുതന്നെ ഐറ്റി പാർക്ക് നിർമ്മിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>നെറ്റ് വര്‍ക്ക് മാര്‍ക്കറ്റിംഗിന്റെ മറവില്‍ വ്യാപകമായ തട്ടിപ്പ്</u>

542 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെറ്റ്‌വര്‍ക്ക് മാര്‍ക്കറ്റിംഗിന്റെ മറവില്‍ സംസ്ഥാനത്ത് വ്യാപകമായ തട്ടിപ്പ് നടത്തുന്നത് സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് പരിശോധിക്കുന്നതിന് ഏതെങ്കിലും സമിതിയെ നിയോഗിക്കാന്‍ സര്‍ക്കാര്‍ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ ആ സമിതിയുടെ ഘടനയും പാഠ്യവിഷയങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ച സര്‍ക്കാര്‍ ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കേരളത്തിൽ ഐ. ഐ. ടി.

543 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഐ. ഐ. ടി. സ്ഥാപിക്കുമെന്ന് ബഹു. പ്രധാനമന്ത്രി കേരള സന്ദർശനവേളയിൽ നൽകിയ വാഗ്ദാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ. ഐ. ടി. കേരളത്തിൽ ആരംഭിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സാമ്പത്തികവർഷം പ്രധാനമന്ത്രിയുടെ ശാസ്ത്ര ഉപദേശക കൗൺസിൽ ശുപാർശപ്രകാരം പുതുതായി 8 ഐ. ഐ. ടി. കൾ തുടങ്ങുമെന്നും കേരളത്തിൽ ഐ. ഐ. ടി. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കേന്ദ്ര മാനവശേഷി വികസനമന്ത്രി പറഞ്ഞതായ വാർത്ത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കേന്ദ്രത്തെ ഇത് ബോധ്യപ്പെടുത്തി ഐ. ഐ. ടി. ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് സൈബർ പാർക്കുകളുടെ നിർമ്മാണം</u>

544 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്കുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ സൈബർ പാർക്കുകളുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇവിടെ പ്രവർത്തനം തുടങ്ങുന്നതിന് ഏതെങ്കിലും ഐ. ടി. കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

സൈബർ പാർക്കിന് ഭൂമി വിട്ടു നൽകിയവരുടെ പുനരധിവാസം

545 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് സൈബർ പാർക്ക് നിർമ്മാണത്തിനായി സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം ഏറ്റെടുത്ത ശേഷം ഇവർക്ക് എന്തെല്ലാം പുനരധിവാസ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പുതിയ ഐ. റ്റി. പാര്‍ക്കുകള്‍ തുടങ്ങുന്നത് സംബന്ധിച്ച്

546

ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ. റ്റി. പാര്‍ക്കുകള്‍ തുടങ്ങുന്നതിന് ഉദ്ദേശമുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ അറിയിക്കുമോ;

(ബി) മഞ്ചേശ്വരത്ത് ഇത്തരം ഒരു പാര്‍ക്കിന്റെ ആവശ്യകത മനസ്സിലാക്കി അത് ആരംഭിക്കുന്നതിന് അടിയന്തിര പരിഗണന നല്‍കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

മാമത്ത് നാളികേര വികസന കോർപ്പറേഷന്റെ ഉള്ള സ്ഥലത്ത് ഐ.ടി. പാർക്കോ വ്യവസായ പാർക്കോ ആരംഭിക്കാൻ നടപടി

547 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമത്ത് നാളികേര വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലത്ത് ഐ.ടി. പാർക്കോ; സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കോ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) സിഡ്കോയുടെ നിയന്ത്രണത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് പദ്ധതിയുണ്ടോ; സ്ഥലം ലഭ്യമാക്കിയാൽ പ്രസ്തുത പദ്ധതി തുടങ്ങാൻ കഴിയുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ടെക്നോപാർക്കുകളുടെ പ്രവർത്തനം സംബന്ധിച്ച്</u>

548 ശ്രീ. റ്റി.എ. അഹമ്മദ്കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ടെക്നോ പാർക്കുകൾ ഉണ്ടെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പുതിയ ടെക്നോ പാർക്കുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണണനയിലുണ്ടോ;

(സി) മലപ്പുറം ജില്ലയിൽ ടെക്നോ പാർക്ക് ആരംഭിക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പുതിയ ഐ. റ്റി. നയം</u>

549 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ പുതിയ ഐ. റ്റി. നയത്തിന് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത നയത്തന്റെ കോപ്പി ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

തിരുവനന്തപുരം ടെക്നോസിറ്റി പദ്ധതി

550 ശ്രീ. എം.എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോസിറ്റി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിക്കായി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട് ;

(ബി) ടെക്നോസിറ്റി പദ്ധതിയുടെ പ്രവർത്തനം സർക്കാർ അവലോകനം നടത്തുകയുണ്ടായോ ; പദ്ധതി വിഭാവനം ചെയ്ത എന്തെല്ലാം സംഗതികളിൽ പുരോഗതി ഉണ്ടായിട്ടുണ്ട് ;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വിവര സാങ്കേതിക രംഗത്തെ മുന്നേറ്റത്തിന് നടപടികൾ</u>

551 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവര സാങ്കേതിക രംഗത്തെ മുന്നേറ്റത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഹജ്ജ് തീര്‍ത്ഥാനത്തിനുള്ള ക്രമീകരണങ്ങള്‍</u>

552 ശ്രീ. പി.ബി അബ്ദുള്‍ റസാക്

,, എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷത്തെ ഹജ്ജ് തീര്‍ത്ഥാടനത്തിനുള്ള ക്രമീകരണങ്ങള്‍ എന്തെല്ലാം പൂര്‍ത്തീകരിച്ചുവെന്നും കേരളത്തില്‍ നിന്നും എത്ര ഹാജിമാരെയാണ് അയക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) അപേക്ഷകരുടെ ബാഹുല്യം കാരണം കേരളത്തില്‍ നിന്നുള്ള ഹജ്ജ് ക്വാട്ട വര്‍ദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നല്‍കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

മക്ക തീർത്ഥാടകർക്ക് പോളിയോ പ്രതിരോധമരുന്ന് നൽകുന്നത്
സംബന്ധിച്ച്

553 ശ്രീ. കെ. എൻ. എ ഖാദർ
'' പി. ഉബൈദുള്ള
'' എം. പി. അബ്ദുസ്സമദ് സമദാനി
'' പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മക്കയിലേയ്ക്ക് തീർത്ഥാടനത്തിനു പോകുന്ന ഹാജിമാർക്ക് പോളിയോ പ്രതിരോധമരുന്നുകൾ നിർബന്ധമാക്കിയതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മറ്റു പുണ്യകേന്ദ്രങ്ങളിലേയ്ക്ക് തീർത്ഥാടനയാത്ര നടത്തുന്ന ഏതെങ്കിലും തീർത്ഥാടകർക്ക് പോളിയോ പ്രതിരോധ മരുന്ന് നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) മുതിർന്നവർക്കും പ്രായം ചെന്നവർക്കും ഈ മരുന്ന് നൽകുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ;

(ഡി) മക്ക തീർത്ഥാടകരോട് സ്വീകരിക്കുന്ന അശാസ്ത്രീയമായ ഈ നടപടി പിൻവലിക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>

554

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ, പിന്നോക്ക ജനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും ന്യൂനപക്ഷ റീജിയണൽ ഓഫീസുകൾ ആരംഭിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ</u>

555

ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്താണ്;

(സി) ഇങ്ങനെയൊരു കോർപ്പറേഷൻ രൂപീകരിക്കുവാൻ കേന്ദ്ര നിർദ്ദേശം ലഭിച്ചിരുന്നുവോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ഇതിനു ലഭിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ വികസനം</u>

556 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ വികസനത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച ആറരക്കോടി രൂപ കഴിഞ്ഞ സർക്കാർ പാഴാക്കിയതായ കേന്ദ്രന്യൂനപക്ഷ മന്ത്രാലയം പുറത്തിറക്കിയ കണക്കു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിപ്രകാരം കേരളത്തിനു എത്ര രൂപയാണ് അനുവദിച്ചിരുന്നത്; ഇതിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ വികസനം

557 ശ്രീ. വി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പ്രതിസന്ധിയിൽ നിൽക്കുന്ന ആറ്റിങ്ങൽ മുനിസ്സിപ്പാലിറ്റിക്ക് പ്രത്യേക സഹായം നൽകാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ആറ്റിങ്ങൽ മുനിസ്സിപ്പാലിറ്റിയിലെ റോഡിന്റേയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടി പ്രത്യേക ഫണ്ട് നീക്കിവയ്ക്കുവാൻ കഴിയുമോ;

(സി) ആറ്റിങ്ങൽ മുനിസ്സിപ്പാലിറ്റിയെ തിരുവനന്തപുരത്തിന്റെ ഉപഗ്രഹ നഗരമാക്കി ഉയർത്താൻ പ്രത്യേക ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ചീനമണൽ ഖനനംകൊണ്ട് ഉണ്ടാകുന്ന പരിസ്ഥിതി ആഘാതം</u>

558 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവുംവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, മേൽതോന്നയ്ക്കൽ ഭാഗത്തുള്ള ചീനമണൽ ഖനനം കൊണ്ട് ഉണ്ടാകുന്ന പരിസ്ഥിതി ആഘാതം സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി നടത്തിയ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ധർമ്മടം മണ്ഡലത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ച രണ്ട് പൊതു മേഖലാ സ്ഥാപനങ്ങൾ</u>

559 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധർമ്മടം മണ്ഡലത്തിലെ പിണറായിൽ ആരംഭിക്കുന്നതിന് തീരുമാനിച്ച രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഓരോ സ്ഥാപനത്തിനും പ്രവർത്തനം തുടങ്ങുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് തീരുവാനുള്ളത് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) ഈ രണ്ട് സ്ഥാപനങ്ങളുടെയും പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മുൻസിപ്പാലിറ്റിയിൽ ആവശ്യമായ ജീവനക്കാരെയും ഫണ്ടും അനുവദിക്കാൻ നടപടി</u>

560 ശ്രീ. കെ. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം കേന്ദ്രീകരിച്ച് പുതുതായി അനുവദിച്ച മുൻസിപ്പാലിറ്റിയിൽ ആവശ്യമായ ജീവനക്കാരെയും ഫണ്ടും അനുവദിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ജൈവസംസ്കരണം അസാധ്യമായ വസ്തുക്കൾ മൂലമുണ്ടാകുന്ന ദോഷങ്ങൾ പ്രതിരോധിക്കാൻ നടപടി</u>

561 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉല്പന്നങ്ങളും മറ്റ് ജൈവസംസ്കരണം അസാധ്യമായ വസ്തുക്കളും ഉത്പാദിപ്പിച്ച് വിപണനം നടത്തുന്ന സ്ഥാപനങ്ങൾ ഇവയുടെ ഉപയോഗശേഷം ഉപഭോക്താക്കൾ തിരികെ നൽകുമ്പോൾ സ്വീകരിച്ച് ജനങ്ങൾക്ക് ദോഷകകരമല്ലാത്തവിധം സംസ്കരിക്കുന്നതിനോ റീസൈക്കിൾ ചെയ്യുന്നതിനോ ഉള്ള ഉത്തരവാദിത്വം കൂടി ഏറ്റെടുക്കാൻ നിർദ്ദേശം നൽകാറുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളും വ്യക്തികളും തങ്ങളുടെ ലാഭത്തിനുവേണ്ടി ഉത്പ്പാദിപ്പിക്കുന്ന സാധനങ്ങൾ ഭാവിയിൽ നമ്മുടെ നാടിനെ ഒരു മാലിന്യകൂമ്പാരമാക്കുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തെ പ്രതിരോധിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മാലിന്യ പ്രശ്നം</u>

562 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യ പ്രശ്നം പരിഹരിക്കുവാൻ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നത് ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം സംസ്ഥാനത്തിനു ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

'അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി'

563 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിലൂടെ എത്ര ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ജെ. എൻ. എൻ. യു. ആർ. എം. പദ്ധതി പ്രകാരം കോർപ്പറേഷനുകൾക്ക് ധനസഹായം</u>

564

ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെ. എൻ. എൻ. യു. ആർ. എം. പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ കോർപ്പറേഷനുകൾക്ക് എത്ര കോടി രൂപയുടെ പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ട്;

(ബി) കോർപ്പറേഷനുകൾ നടപ്പാക്കുന്ന ഏതു പദ്ധതികൾക്കു വേണ്ടിയാണ് മേല്പറഞ്ഞ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 27.09.2011-ലെ മറുപടിക്ക്

പുതിയനഗരസഭകളെ സഹായിക്കാൻ നടപടി

565 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവസാനമായി രൂപംകൊണ്ട തൃശ്ശൂർ, കൊല്ലം എന്നീ നഗരസഭകൾ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തുമോ;

(ബി) കൊല്ലം നഗരസഭയുടെ അവതാളത്തിലായ മാലിന്യ നിർമ്മാർജ്ജന പദ്ധതി പുനരാരംഭിക്കാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി</u>

566 ശ്രീ.റോഷി അഗസ്റ്റിൻ
,, പി.സി.ജോർജ്
ഡോ.എൻ.ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ നിർമ്മാർജ്ജനത്തിന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ വികസന അതോറിറ്റി വായ്പ</u>

567 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വികസന അതോറിറ്റിയിൽ നിന്നും ഭവന നിർമ്മാണവായ്പ എത്ര പേർക്ക് നൽകിയിട്ടുണ്ട്; അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വായ്പകൾ എഴുതി തള്ളി പണയ ആധാരങ്ങൾ തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ പട്ടണത്തിന്റെ നവീകരണം</u>

568 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിന്റെ പുനർനിർമ്മാണത്തിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) രാജാ കേശവദാസ് നിർമ്മിച്ച ആലപ്പുഴ പട്ടണത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ പദ്ധതി തയ്യാറാക്കുന്നതിന് ഉന്നതതലയോഗം ചേരുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്സ്)</u>

569

ശ്രീ. ജി. സുധാകരൻ
,, എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്സ്) ആരംഭിക്കുന്നതിൽ ഇതിനകം കേന്ദ്രാനുമതി ലഭിച്ചിരുന്ന സംസ്ഥാനത്തെ കേന്ദ്രങ്ങൾ ഏതൊക്കെയാണ്; ഇതിൽ പൊതുമേഖലയിലേത് എത്ര; സഹകരണ മേഖലയിലേത് എത്ര; സ്വകാര്യമേഖലയിലേത് എത്രയെന്ന് അറിയിക്കുമോ;

(ബി) സെസ്സിന് അപ്രൂവൽ ലഭിച്ചതിനു ശേഷം കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളവ ഏതൊക്കെയാണ്; നിർമ്മാണം ആരംഭിച്ച പദ്ധതികൾ ഓരോന്നിലും എത്ര സ്ക്വയർ മീറ്റർ കെട്ടിടങ്ങളാണ് പ്ലാൻ ചെയ്തിട്ടുള്ളത്; അടുത്ത രണ്ടു വർഷത്തിനകം പണി പൂർത്തിയാക്കി ഐ.ടി. കമ്പനികൾക്ക് നൽകാൻ സാധ്യമാകുന്ന നിലയിൽ നിർമ്മാണം ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണ്; നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങൾ ഓരോന്നും എത്ര സ്ക്വയർ മീറ്ററാണ്;

(സി) നിർമ്മാണത്തിലിരിക്കുന്ന കേന്ദ്രങ്ങളിലേയ്ക്ക് ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിനും കൊണ്ടുവരുന്നതിലേക്കും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യം നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളെ എപ്രകാരമാണ് ബാധിക്കുക എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പൊന്നാനി മുൻസിപ്പാലിറ്റിയിലെ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ്</u>

570 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പൊന്നാനി മുൻസിപ്പാലിറ്റിയിലെ 87/8, 13, 15, 16, 89/9, 10, 90, 91, 92, 93, 98, 99, 107, 108, 110, 111, 113, 116, 117, 118, 119 എന്നീ സർവ്വേ നമ്പരുകളിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് പദ്ധതി (ഡി.റ്റി.പി.) അവിടെ നടപ്പാക്കേണ്ടതില്ലെന്ന് 30.4.2011 ന് നഗരസഭ തീരുമാനിച്ച് സർക്കാരിന് നൽകിയിരുന്നതിൻമേൽ എന്ത് തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>നഗരവികസനത്തിന് മാസ്റ്റർ പ്ലാൻ</u>

571 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്ജ്
ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവികസനത്തിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കരിങ്കല്‍ ക്വാറികളുടെയും ക്രഷര്‍ യൂണിറ്റിന്റെയും പ്രവര്‍ത്തനം സംബന്ധിച്ച്</u>

572 ശ്രീ. വി. റ്റി. ബല്‍റാം
,, പാലോട് രവി
,, ഹൈബി ഈഡന്‍
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ കരിങ്കല്‍ ക്വാറികള്‍ക്കും, ക്രഷര്‍ യൂണിറ്റുകള്‍ക്കും ലൈസന്‍സ് നല്‍കുന്നതിന് ആധാരമായ നിയമം ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമത്തില്‍ ഇത്തരം ക്വാറികളും ജനവാസപ്രദേശങ്ങളും തമ്മിലുളള ദൂരപരിധി എത്രയായാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) ഈ ദൂരപരിധി നിശ്ചയിച്ച സമയത്ത് പാറകള്‍ പൊട്ടിക്കുന്നതിന് ഏത് രീതികളാണ് അവലംബിച്ചിരുന്നത്;

(ഡി) ഇപ്പോള്‍ ആധുനിക രീതികളായ ഇലക്ട്രോണിക് ഡിറ്റണേറ്ററുകള്‍ ഉള്‍പ്പെടെയുളള മാര്‍ഗ്ഗങ്ങള്‍ സ്വീകരിച്ച് അപകടമുണ്ടാകുന്ന തരത്തില്‍ പാറകള്‍ പൊട്ടിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് സമീപ പ്രദേശങ്ങളിലെ ജനങ്ങള്‍ക്ക് ജീവഹാനി ഉള്‍പ്പെടെയുളള നാശനഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് കേന്ദ്ര നിയമത്തില്‍ നിഷ്ക്കര്‍ഷിച്ചിരിക്കുന്ന ദൂരപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) കരിങ്കല്‍ ക്വാറികള്‍ക്ക് ലൈസന്‍സ് നല്‍കുന്നതിന് ആധാരമായ സംസ്ഥാന നിയമത്തിലും കാലാനുസൃതമായ മാറ്റം വരുത്തി ദൂരപരിധി വര്‍ദ്ധിപ്പിക്കുന്ന കാര്യം സര്‍ക്കാര്‍ പരിഗണിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കരിമണൽ ഖനനം</u>

573 ശ്രീ. എം.എ. ബേബി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ആർ. രാജേഷ്
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനത്തെക്കുറിച്ച് ഈ സർക്കാരിന്റെ നയം എന്താണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ കരിമണൽ അടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് വിദേശ കമ്പനികൾക്ക് അനുമതി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്തെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) കേന്ദ്ര നിലപാടിനോട് സംസ്ഥാന സർക്കാർ വിയോജിക്കുന്നുണ്ടോയെന്നറിക്കുമോ ?